**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2904** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ ജല ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ആലപ്പുഴ മണ്ഡലത്തിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി വഴിച്ചേരിയിലെ കേരള വാട്ടർ അതോറിറ്റി കോമ്പൗണ്ടിൽ ഒരു ഉപജില്ലാ ലാബ് സ്ഥാപിച്ചിട്ടുണ്ട്. സമീപ പ്രദേശമായ ആലിശ്ശേരിയിൽ ജില്ലാ ലാബും പ്രവർത്തിക്കുന്നുണ്ട്. രണ്ട് ലാബിനും എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ ജല ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഹരിത കേരള മിഷന്റെ ഭാഗമായി ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക പരിശോധന ലാബുകൾ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് ഉപയോഗപ്പെടുത്തി ആറ് ഹയർ സെക്കന്ററി സ്കൂളുകളിൽ കെ.ഐ.ഐ.ഡി.സി. പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി ഉത്തരവ് നമ്പർ ED/3413/21 തീയതി 09.02.2022 പ്രകാരം ₹10,00,000.00 രൂപ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ KIIDC/485/2021-PE4 തീയതി 07.03.2022 പ്രകാരം ₹10,00,000.00 രൂപ സാങ്കേതിക അനുമതി നല്കി പദ്ധതി ടെൻഡർ ചെയ്തു. ₹7,98,974.68 രൂപയാണ് പ്രസ്തുത പദ്ധതിയുടെ കരാർ തുക. ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നാല് മാസമാണ് പദ്ധതി പൂർത്തീകരണ കാലാവധി. |
| (സി) | പ്രസ്തുത കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | പുതിയ ലാബുകൾ സ്ഥാപിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായത്തിനായി നവകേരളം കർമ്മപദ്ധതിയിൽ നിന്നുള്ള പദ്ധതി നിർദ്ദേശം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ